ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലെ കണക്കുകൾപ്രകാരം 1059 അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരാണുള്ളത്.

(ബി) വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 വർഷം പുതിയ പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇവരുടെ ഭൗതീക ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പാക്കേജിൽ ഭവന നിർമ്മാണം, വീട് റിപ്പയർ, ജീവനോപാധി പദ്ധതികളായ കറവപ്പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ, കുട്ട-വട്ടി നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തുന്നതിന് ധനസഹായം എന്നിവ ഉൾപ്പെട്ടിരുന്നു. സംസ്ഥാനത്തെ അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരുടെ പുനരധിവാസത്തിനായി 2011-12 സാമ്പത്തികവർഷം വകയിരുത്തിയ 6.89 കോടി രൂപ പദ്ധതി നടത്തിപ്പിനായി ജില്ലാതല ഓഫീസുകൾക്ക് അനുവദിക്കുകയും 31-3-2012-വരെ 3.03 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിൽപ്പെട്ട ഭവന നിർമ്മാണത്തിന്റെ തുടർപ്രവർത്തനങ്ങൾക്ക് 2012-13, 2013-14 വർഷവും തുക അനുവദിച്ചിട്ടുണ്ട്. നിർമ്മാണം തുടർന്നുവരികയുമാണ്.

പട്ടികവർഗ്ഗക്കാർക്കിടയിലുള്ള 'അരിവാൾ രോഗം'

232 (6683) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗക്കാർക്കിടയിലുള്ള 'അരിവാൾരോഗം' ബാധിച്ചവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ ; ഏതെല്ലാം വിഭാഗങ്ങളിലാണ് ടി രോഗം വ്യാപകമായി കണ്ടുവരുന്നത് ; വിശദവിവരം നൽകുമോ ;

(ബി) രോഗം നിയന്ത്രണ വിധേയമാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ ;

(സി) പ്രസ്തുതരോഗത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നത് ഉൾപ്പെടെയുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുതരോഗം സംബന്ധിച്ച വിശദപഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. അരിവാൾ രോഗം ബാധിച്ച 581 പേരെ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. മുഡുകർ, കുറുമ്പർ, പണിയർ, കാട്ടുനായ്ക്കർ, കുറുമർ എന്നീ വിഭാഗങ്ങളിലുള്ളവരിലാണ് ടി രോഗം വ്യാപകമായി കണ്ടുവരുന്നത്.

(ബി) 'അരിവാൾ രോഗം' ഒരു ജനിതക രോഗമായി കണക്കാക്കപ്പെടുന്നു. സ്ക്രീനിംഗ്, ബോധവൽക്കരണം, ചികിൽസ എന്നീ പ്രവർത്തനങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ആരോഗ്യ വകുപ്പുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. തിരിച്ചറിയപ്പെട്ട 581 അരിവാൾ രോഗികൾക്ക് പോഷകാഹാരം കഴിക്കുന്നതിനായി പ്രതിമാസം 1,000 രൂപ വീതം നൽകിവരുന്നു.

(സി) പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ആരോഗ്യ പ്രവർത്തകർ എന്നിവർ മുഖേന പട്ടികവർഗ്ഗക്കാർക്കിടയിൽ വ്യാപകമായ പ്രചരണം നൽകിവരുന്നു. ആരോഗ്യവകുപ്പുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. സിക്കിൾസെൽ അനീമിയ രോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എൻ.ആർ.എച്ച്.എം.-ന്റെ ഒരു പ്രത്യേക പദ്ധതിയായി ഉൾപ്പെടുത്തി ആരോഗ്യവകുപ്പ്, പ്രധാനമായും പാലക്കാട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ നടപ്പിലാക്കിവരുന്നു.

(ഡി) കോഴിക്കോട് മെഡിക്കൽ കോളേജ്, 'അരിവാൾ രോഗം' സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യ വകുപ്പ് പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നത്.

ഐ.റ്റി.ഡി.പി. ഓഫീസിൽ ലഭ്യമായ ഭൂമിക്കുള്ള അപേക്ഷ

233 (6684) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾ ഭൂമിക്കായി നൽകിയ എത്ര അപേക്ഷകൾ ഐ.ടി.ഡി.പി. ഓഫീസുകളിൽ നിലവിലുണ്ടെന്ന് ഓഫീസ് തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ ഇത്തരം അപേക്ഷകളിൽ എത്രയെണ്ണത്തിൽ തീർപ്പുകൽപ്പിച്ച് ഭൂമി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) നിലമ്പൂർ പെരുമ്പാടം കോളനിയിൽനിന്നുള്ള അപേക്ഷകൾ ഭൂമാഫിയ ഏജന്റുമാർവഴി സ്വീകരിച്ച് ഭൂമി വിതരണം ചെയ്യുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly